പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1537

5.12.2014 ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കഞ്ചൻ സ്മാരകം

ചോദ്യം

ശ്രീ.എം.ഹംസ

മറുപടി

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലക്കിടി ഗ്രാമപഞ്ചായത്തിലെ കഞ്ചൻ സ്മാരകത്തിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(എ) ലക്കിടി കഞ്ചൻ സ്മാരകത്തിന് ഈ സർക്കാർ വന്നതിന് ശേഷം 48,99,000/- രൂപ അനുവദിച്ചു.

(ബി) 1/7/2006 മുതൽ 31/3/2011 വരെയും 1/4/2011 മുതൽ 31/10/2014 വരെയുമുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 1-7-2006 മുതൽ 31-3-2011 വരെ

| | |
|---|---|
| 2006-07 | 1,65,000/- |
| 2007-08 | 1,35,000/- |
| 2008-09 | 21,25,000/- |
| 2009-10 | 1,75,000/- |
| 2010-11 | 13,25,000/- |
| ആകെ | 39,25,000/- രൂപ |

1-4-2011 മുതൽ 31-10-2014 വരെ

| | |
|---|---|
| 2011-12 | 21,24,000/- |
| 2012-13 | 16,75,000/- |
| 2013-14 | 7,00,000/- |
| ആകെ | 44,99,000/- |

1-4-2014 മുതൽ 31-10-2014 വരെ 4 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കുഞ്ചൻ സ്മാരകത്തിന്റെ നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ; | (സി) | ഈ സർക്കാർ വന്നതിന് ശേഷം കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കും 48,99,000/- രൂപ അനുവദിച്ചു. ആയതിൽ 3 ലക്ഷം രൂപ ചെലവഴിച്ച് ചുറ്റുമതിൽ നിർമ്മിച്ചു. 10 ലക്ഷം രൂപ ഉപയോഗിച്ച് ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ശമ്പളം, തുള്ളൽ സ്കോളർഷിപ്പ്, കുഞ്ചൻ ദിനം, മറ്റു ദൈനംദിന ചെലവുകൾ എന്നിവക്കായും ഈ തുക വിനിയോഗിക്കുകയുണ്ടായി. |
| (ഡി) | കുഞ്ചൻ സ്മാരകത്തിന്റെ വികസനത്തിനായി മുൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ | (ഡി) | മുൻ സർക്കാരിന്റെ കാലയളവിൽ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 39,25,000/- രൂപ അനുവദിച്ചിരുന്നു. 2008 ൽ കേരള കലാമണ്ഡലവുമായി ഉണ്ടാക്കിയ ധാരണ അനുസരിച്ച് കലാപീഠം പ്രവർത്തനം തുടങ്ങി. തുള്ളൽ, കർണ്ണാടക സംഗീതം, മോഹിനിയാട്ടം, മൃദംഗം എന്നീ കലാവിഷയങ്ങളിൽ ത്രിവൽസര പാർട്ട് ടൈം കോഴ്സുകൾ ആരംഭിച്ചു. ആയതിന് കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയുടെ സാക്ഷ്യപത്രം നൽകുന്നു. നാട്യശാല നിർമ്മിച്ചു. കുഞ്ചൻ നമ്പ്യാരെക്കുറിച്ചും തുള്ളലിനെക്കുറിച്ചും പ്രതിപാദിക്കുന്ന ത്രിദളം ഡി.വി.ഡി തയ്യാറാക്കി. സ്മാരകത്തിന്റെ വെബ് സൈറ്റ് നിലവിൽ വന്നു. |

സെക്ഷൻ ഓഫീസർ